കേരള സർക്കാർ

സർക്കുലർ

നമ്പർ: 94/2017/ധന. തിരുവനന്തപുരം,തീയതി: 20.12.2017

വിഷയം: പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട എയ്ഡഡ് സ്കൂൾ അധ്യാപകരുടെ പെൻഷൻ വിഹിതം അടവാക്കുന്നതിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: 1)സ.ഉ(പി)നം. 20/2013/ധന. തീയതി, 07.01.2013

2)സ.ഉ(പി)നം.149/2017/ധന തീയതി 18.11.2017

സൂചന (1) ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന സർക്കാർ/പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സൂചന (2) പ്രകാരം എയ്ഡഡ് സ്കൂൾ അധ്യാപകരുടെ പെൻഷൻ വിഹിതം അടവാക്കുന്നതിൽ ഒരു ഏകീകൃതസ്വഭാവം ഉണ്ടാകുന്നതിനായി ജീവനക്കാർക്ക് നിയമനം ലഭിക്കുന്ന മാസം മുതൽ എന്നതിന് പകരം നിയമനാംഗീകാരം ലഭിക്കുന്ന തീയതി മുതൽ മാത്രം എൻ.പി.എസ് വിഹിതം ഈടാക്കേണ്ടതാണ് എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

സൂചന (2) ഉത്തരവ് ജീവനക്കാർ തെറ്റായി വ്യാഖ്യാനിച്ചത് വഴി ചില പ്രശ്നങ്ങൾ ആ മേഖലയിൽ ഉയർന്ന് വന്നിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് മേഖലയിലെ അധ്യാപകർ, അവർക്ക് നിയമനാംഗീകാരം ലഭിക്കുന്ന തീയതി മുതൽ

(with effect from the date of approval) തന്നെ നിലവിലുള്ള ഉത്തരവുകൾക്കനുസൃതമായി എൻ.പി.എസ് വിഹിതം അടവാക്കേണ്ടതാണ് എന്നും, പ്രസ്തുത നിയമനത്തിന് അംഗീകാരം ലഭിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയല്ല ഇതിനായി പരിഗണിക്കേണ്ടതെന്നും വ്യക്തമാക്കി ഉത്തരവാകുന്നു.

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
7. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
8. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
9. പൊതുവിദ്യാഭ്യാസ വകുപ്പ്
10. നോഡൽ ഓഫീസർ, www.finance.kerala.gov.in
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**